പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7605 23.07.2012 ൽ മറുപടിയ്ക്ക്

## പരിസ്ഥിതി സംരക്ഷണത്തിനുള്ള ഗ്രീൻ ബോണസ് സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ. ജയിംസ് മാത്യു<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ വൈദ്യുതി പദ്ധതികൾ നഷ്ടപ്പെട്ടതിനു പരിഹാരമായി കേന്ദ്ര സർക്കാർ ഗ്രീൻ ബോണസ് സംസ്ഥാനത്തിന് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത ബോണസ്സിന്റെ വിശദ വിവരം അറിയിക്കുമോ; | (ബി) | പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രീൻ ബോണസിനായി അടുത്ത അഞ്ച് വർഷത്തേയ്ക്ക് അയ്യായിരം കോടി രൂപ നീക്കി വച്ചിട്ടുണ്ട്. വനസംരക്ഷണത്തിന് ജനപങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ആയതിനാൽ ജനപ്രദേശത്തെ വികസന പ്രവർത്തനങ്ങൾ വനസംരക്ഷണത്തിന്റെ പേരിൽ നടപ്പിലാക്കാതെ പോകുന്നു. ഓരോ സംസ്ഥാനങ്ങളുടേയും വനസംരക്ഷണത്തിലൂടെ വനത്തിന്റെ വിസ്തീർണ്ണം കൂടുന്ന മുറയ്ക്ക് ഗ്രീൻ ബോണസ്സ് ആനുപാതികമായി കൂടും. ഇൻഡ്യയുടെ ഓരോ വർഷവും ഉള്ള ശരാശരി വന വിസ്തീർണ്ണത്തിന്റെ തോത് കണക്കാക്കി അതിന് ആനുപാതികമായി ഒരു ഫോർമുല കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം രൂപപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വനവിസ്തീർണ്ണം, സംസ്ഥാനത്തിന്റെ ആകെ വിസ്തീർണ്ണം, വന സാന്ദ്രത കൂടാതെ |

(...2)

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട കാലയളവിൽ കൂടിയ വനവിസ്തീർണ്ണം എന്നിവ ഉൾപ്പെടുത്തിയാണ് പ്രസ്തുത ഫോർമുല രൂപപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ബോണസ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ബോണസ് അനുവദിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.